File No. എച്ച്.ഡി. 1579/95.

എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയം,
ഇറിഗേഷൻ ഡിവിഷൻ, കൊല്ലം,
തീയതി : 20/01/2018.

കേരള സർക്കാർ
ജലവിഭവ വകുപ്പ്

ലഘു ദർഘാസ് പരസ്യം

കേരള ഗവർണർക്ക് വേണ്ടി എക്സിക്യൂട്ടീവ് എഞ്ചിനീയർ, ഇറിഗേഷൻ ഡിവിഷൻ, ആശ്രാമം,കൊല്ലം താഴെ പറയുന്ന പ്രവൃത്തിയ്ക്ക് പൊതുമരാമത്ത്/ജലസേചനവകുപ്പിൽ രജിസ്റ്റർ ചെയ്തിട്ടുള്ള നിശ്ചിത യോഗ്യതയുള്ള അംഗീകൃത കരാറുകാരിൽ നിന്നും മത്സരസ്വഭാവമുള്ള ദർഘാസുകൾ പ്രവൃത്തിയുടെ പേര് ആലേഖനം ചെയ്തിട്ടുള്ള മുദ്ര വച്ച കവറുകളിൽ 27/01/2018 വൈകിട്ട് 2.30 മണി വരെ രജിസ്റ്റർ ചെയ്ത തപാലിൽ ക്ഷണിച്ചുകൊള്ളുന്നു. കൊറിയർവഴിയോ നേരിട്ടോ സമർപ്പിക്കുന്ന ദർഘാസുകൾ സ്വീകരിക്കുന്നതല്ല. തപാലിൽ ഉണ്ടാകുന്ന കാലതാമസങ്ങൾക്ക് ഈ ഓഫീസ് ഉത്തരവാദിയായിരിക്കുന്നതല്ല. ദർഘാസുകൾ സ്വീകരിക്കുന്ന ദിവസം അവധിയായാൽ തൊട്ടടുത്ത പ്രവൃത്തി ദിവസം വൈകുന്നേരം 2.30 മണി വരെ ദർഘാസുകൾ സ്വീകരിക്കുന്നതാണ്. നിശ്ചിത സമയത്തിനുള്ളിൽ ദർഘാസ് സ്വീകരിക്കുന്നതും തുറക്കുന്നതുമാണ്. ദർഘാസിൽ പങ്കെടുക്കുന്ന കരാറുകാർ അവരുടെ കരാർ ലൈസൻസിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പും ലേബർ കോൺട്രാക്റ്റ് സഹകരണസംഘങ്ങൾ ജോയിന്റ് രജിസ്ട്രാർ നൽകുന്ന നടപ്പുവർഷത്തെ യോഗ്യതാ പ്രമാണം, കൈവശമുള്ള പ്രവൃത്തികളുടെ കണക്ക് അവർക്കെടുക്കാവുന്ന പ്രവൃത്തികളുടെ സാമ്പത്തിക പരിധി സൊസൈറ്റികൾക്ക് ബാധകമായ നിബന്ധനകൾ മുതലായവ ഉൾക്കൊള്ളുന്ന പ്രമാണം ബന്ധപ്പെട്ട ജോയിന്റ് രജിസ്ട്രാറിൽ നിന്നും ലഭിച്ചത് എന്നിവ ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. കൂടാതെ ദർഘാസിൽ പങ്കെടുക്കുന്നവർ 200 രൂപ വിലയുള്ള മുദ്രപത്രത്തിൽ പ്രഥമകരാർ ദർഘാസിനോടൊപ്പം സമർപ്പിക്കേണ്ടതാണ്. "ഇന്ദിരവികാസ് പത്രം നിരതദ്രവ്യമായി സ്വീകരിക്കുന്നതല്ല". ദർഘാസിൽ പങ്കെടുക്കുന്ന കരാറുകാർ അവരുടെ പാൻകാർഡിന്റെ അസ്സൽ പകർപ്പും സമർപ്പിക്കേണ്ടതാണ്.

ജലവിഭവ വകുപ്പിലേയും പൊതുമരാമത്ത് വകുപ്പിലേയും ദർഘാസുകളെ സംബന്ധിച്ച് പൊതുവായി നിലവിലുള്ള എല്ലാ നിബന്ധനകളും ഈ ദർഘാസിനും ബാധകമാണ്.

| | | |
|---|---|---|
| ദർഘാസ് വിതരണം ചെയ്യുന്ന സമയം | : | 25/01/2018 വൈകിട്ട് 4.00 പി.എം. വരെ. |
| ദർഘാസ് സ്വീകരിക്കുന്ന സമയം | : | 27 /01/2018 വൈകിട്ട് 2.30 പി.എം. വരെ. |
| ദർഘാസ് തുറക്കുന്ന സമയം | : | 27/01/2018 വൈകിട്ട് 3.00 പി.എം. |

| ക്രമ നമ്പർ | ദർഘാസ് നമ്പർ | പ്രവൃത്തിയുടെ പേരും അടങ്കൽ തുകയും | നിരത ദ്രവ്യം രൂപ | ദർഘാസ് പ്രമാണത്തിന്റെ വില രൂപ | പ്രവൃത്തി പൂർത്തീകരിക്കേണ്ട കാലാവധി | കരാറുകാരുടെ യോഗ്യത |
|---|---|---|---|---|---|---|
| 1 | **29/EE1/ KLM/20 17/18** | **Cherukolpuzha Hindu Matha Parishath 2018-Urgent cleaning works on both banks of Pampa river in the convention Nager in Ayroor and Cherukol Panchayath in Ranni.** (അടങ്കൽ തുക 4,09,721/-) | 10,300/- | 900 +GST കരാറുകാരൻ നേരിട്ട് ട്രഷറിയിൽ ഒടുക്കേണ്ടതാണ്. | 1 മാസം | ഡി യും ഉപരിയും |

ജലസേചന വകുപ്പിലും പൊതുമരാമത്ത് വകുപ്പിലും ദർഘാസുകളെ സംബന്ധിച്ച് നിലവിലുള്ള എല്ലാ നിബന്ധനകളും ഈ ദർഘാസിനും ബാധകമായിരിക്കും.ദർഘാസ് പ്രമാണത്തിന്റെ വില ട്രഷറിയിൽ നിർദ്ദിഷ്ട അക്കൗണ്ടിൽ അടച്ച് രസീത് ഹാജരാക്കുന്ന മുറയ്ക്ക് ദർഘാസ് പ്രമാണങ്ങൾ വിതരണം ചെയ്യുന്നതായിരിക്കും. പ്രവൃത്തികളെ സംബന്ധിച്ചിട്ടുള്ള വിശദവിവരങ്ങൾ എല്ലാ പ്രവർത്തി ദിവസങ്ങളിലും ഈ ഓഫീസിൽ നിന്നും വൈകിട്ട് 4 മണി വരെ ലഭ്യമാണ്.

ഷിലു.ഐ.ജി.
എക്സിക്യൂട്ടീവ് എഞ്ചിനീയർ
ഇറിഗേഷൻ ഡിവിഷൻ, കൊല്ലം,
(കേരള ഗവർണർക്കുവേണ്ടി)